ലേഖനം നമ്പർ - 8

# വിശുദ്ധ കുർബ്ബാന – ലഘുവ്യാഖ്യാനം

## രഹസ്യ ഒരുക്കം ശുശ്രൂഷയും കുർബ്ബാനയ്ക്കുള്ള ആരംഭവും (പാർട്ട് – 1)

**1. ഒരുക്കശുശ്രൂഷ :**

വേദപുസ്തക അടിസ്ഥാനത്തിൽ സന്ധ്യയോടുകൂടിയാണ് ദിവസം ആരംഭിക്കുന്നത്. അതുകൊണ്ട് ഞാറാഴ്ച വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്നവർ ശനിയാഴ്ച സന്ധ്യനമസ്കാരത്തിൽ സംബന്ധിച്ച് വിശുദ്ധ കുമ്പസാരം, ഹൂസോയോ പ്രാപിച്ചിരിക്കേണ്ടതുമാണ്. വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന എല്ലാവരും, പ്രത്യേകിച്ച് പുരോഹിതന്മാരും ശുശ്രൂഷകരും രാത്രി നമസ്ക്കാരം പൂർത്തീകരിക്കേണ്ടതാണ്. ഞായറാഴ്ച എന്നത് ഉയർപ്പിന്റെ ദിവസമായതുകൊണ്ട് അതു കർതൃദിവസമെന്നറിയപ്പെടുന്നു.

പരസ്യമായ കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പുള്ള രഹസ്യമായ ഒരുക്ക ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതാണ്. പഴയ നിയമകാലത്തിന്റെ അന്ത്യവും പുതിയ നിയമകാലത്തിന്റെ ആരംഭവുമാണിത് കുറിക്കുന്നത്. ഈ രഹസ്യ ശുശ്രൂഷയിൽ വിശ്വാസികൾ പങ്കെടുക്കേണ്ട ആവശ്യമില്ല എന്ന ധാരണ തെറ്റാണ്. ഈ ശുശ്രൂഷയുടെ വിവിധ ഘട്ടങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയും വാങ്ങിപ്പോയവർക്ക് വേണ്ടിയും, ഇടവകയ്ക്കുവേണ്ടിയും, സർവ്വ ചരാചരങ്ങൾക്കുവേണ്ടിയും പ്രത്യേക പ്രാർത്ഥനകളും നടത്തുന്നുണ്ട്. അതുകൊണ്ട് എല്ലാ വിശ്വാസികളും ഈ രഹസ്യ ഒരുക്കത്തിൽ പങ്കുചേരണം. പട്ടക്കാരന്റെ ഒരുക്കം പോലെതന്നെ വിശ്വാസികളും ഒരുക്കത്തോടുകൂടി തന്നെ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ ഇത് സഹായിക്കുകയും ചെയ്യും.

പ്രഭാത നമസ്കാരത്തിനായി അനുതാപത്തെ സൂചിപ്പിക്കുന്ന കറുത്ത കുപ്പായം ധരിച്ച് പട്ടക്കാരൻ പള്ളിയിൽ പ്രവേശിക്കുന്നു. ഇടതു കാലിൽ ചെരിപ്പിടുമ്പോൾ ദൈവമായ കർത്താവേ സർപ്പങ്ങളേയും തേളുകളെയും ശത്രുവിന്റെ സർവ്വശക്തിയെയും എന്നെന്നേക്കും ചവിട്ടുവാൻ തക്കവണ്ണം സമാധാന സുവിശേഷത്തിനുള്ള സന്നദ്ധതയാൽ എന്നെ ചെരിപ്പിടുവിക്കേണമെ എന്നും, വലതുകാലിൽ ചെരിപ്പിടുമ്പോൾ ദൈവമായ കർത്താവേ നിന്റെ ജ്ഞാനത്തിനെതിരായി ഉയരുന്ന സകല ഉന്നതഭാവത്തെയും എന്റെ പാദത്തിൻ കീഴിൽ നീ താഴ്ത്തുകയും നിന്റെ സഹായങ്ങളാൽ എന്നേയ്ക്കും ജഢിക വികാരങ്ങളെ കീഴടക്കുവാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്യേണമെ എന്നും പ്രാർത്ഥിക്കുന്നു. നമസ്കാരം ആരംഭിച്ചശേഷം മദ്ബഹായിലേക്ക് പ്രവേശിച്ചുകൊണ്ട് പട്ടക്കാരൻ ദൈവത്തിന്റെ ബലിപീഠത്തിലേക്കും (സങ്കീ 43:4) എന്റെ ബാല്യത്തെ സന്തോഷിപ്പിക്കുന്ന ദൈവത്തിന്റെ സന്നിധിയിലേക്കും ഞാൻ വരുന്നു എന്നും ചൊല്ലുന്നു. മദ്ബഹായുടെ തെക്കെ ഭിത്തി ചുംബിച്ച് മദ്ബഹായിൽ പ്രവേശിക്കുന്ന പട്ടക്കാരൻ ജനങ്ങളുടെ നേരെ തിരിഞ്ഞ് രണ്ടുകൈകളും മലർത്തിപ്പിടിച്ച് ശുബ്ക്കോനോ ചോദിക്കുന്നു. ജീവനുള്ള വി.ബലി സഭയ്ക്കു മുഴുവൻ വേണ്ടി അർപ്പിക്കുവാൻ ഞാൻ യോഗ്യനാകേണ്ടതിന് നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും, ത്രോണോസിന്റെ മുൻപിൽ നിന്ന് തലകുനിച്ച് നിനക്കു വിരോധമായി ഞാൻ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും എന്നോടു ക്ഷമിക്കണമെന്നും പ്രാർത്ഥിക്കുന്നു. ചുങ്കക്കാരന്റെ ഹൃദയവേദനയോടെയുള്ള പ്രാർത്ഥന ഇവിടെ സ്മരിക്കാവുന്നതാണ് (ലൂക്കോ 18:13). തുടർന്ന് ത്രോണോസിന്റെ നാലു കോണുകളും മുത്തിക്കൊണ്ട് കർത്താവേ ഞങ്ങളുടെ പെരുന്നാളുകളെ ബലിപീഠത്തിന്റെ കൊമ്പുകളോട് ചങ്ങലകളാൽ ബന്ധിക്കേണമെ. നീ എന്റെ ദൈവമാകുന്നു. ഞാൻ നിന്നെ സ്തോത്രം ചെയ്യും, ഞാൻ നിനക്കു സ്തുതിപാടും (സങ്കീ. 118:27,28) എന്നും ചൊല്ലുന്നു. പുരോഹിതൻ രഹസ്യ ശുശ്രൂഷ ആരംഭിക്കുമ്പോഴേക്ക് താഴെ ശുശ്രൂഷകരും, വിശ്വാസികളും ചേർന്ന്, പ്രഭാതം, മൂന്നാം മണി, ആറാം മണി നമസ്കാരങ്ങൾ ചൊല്ലിതീർത്തിട്ട് വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുവാൻ തയ്യാറാകുന്നു.

*(തുടരും...)* ■

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 7 ● ISSUE : 12 Merry Christmas & Happy New Year DECEMBER 2013

### എഡിറ്റോറിയൽ

## Be Natural

പ്രകൃതിയോടൊത്തുള്ള ജീവിതമെന്നു പറഞ്ഞാൽ പലരും ധരിക്കുന്നത് ഖദർ ഉടുപ്പ് ധരിക്കയും, പച്ചക്കറി കൂട്ടിയുണ്ണുകയും, വീടിന് പച്ചനിറത്തിൽ ചായം പൂശുകയും ചെയ്യുകയെന്നുള്ളതാണ്. എന്നാൽ ഇതിലൊക്കെ പ്രധാനം, പ്രകൃതി വിഭവങ്ങൾ സഹജീവികൾക്കും കൂടി അവകാശപ്പെട്ടതാണെന്നുള്ള ചിന്തയാണ്. നമ്മുടെ മനസ്സിനെ സാധാരണക്കാരുടെ ഭാഷയിൽ സംസാരിപ്പിക്കാൻ പഠിപ്പിക്കണം. ആഡംബരം ഉപേക്ഷിച്ച് ലളിത ജീവിതം നയിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും, നാം അതു കാണിച്ചു കൊടുക്കുകയും വേണം. ചെറിയ കാര്യങ്ങളിൽ സന്തോഷം കണ്ടെത്തുവാൻ നാം പരിശീലിക്കണം.

ഒരിക്കൽ അമേരിക്കയിൽ ജോലി ചെയ്യുന്ന ഒരു സ്നേഹിതൻ നാട്ടിൽ വന്നപ്പോൾ പറഞ്ഞ ഒരു കാര്യമോർക്കുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ഇന്ന് ഹൃദയസ്പർശിയായ ഒരു കാഴ്ച കണ്ടു. അതെന്തെന്നു ചോദിച്ചപ്പോൾ കിട്ടിയ ഉത്തരമിതായിരുന്നു. "പട്ടണത്തിൽ കൂടി പോയപ്പോൾ ഒരു കുടുംബത്തെ ഞാൻ ശ്രദ്ധിച്ചു. അപ്പനും അമ്മയും അവരുടെ രണ്ടോ മൂന്നോ വയസുള്ള കൊച്ചുമകനും ആയിരുന്നു കഥാപാത്രങ്ങൾ. അമ്മയുടെ എളിയിലിരിക്കുന്ന കുഞ്ഞ്, അടുത്തു നിന്ന ഐസ്ക്രീം കച്ചവടക്കാരനിൽ നിന്ന് വാങ്ങിക്കൊടുത്ത ഐസ്ക്രീം നുണയുന്ന സീൻ. കൂലിപ്പണിക്കാരെന്നു തോന്നിക്കുന്ന ആ അച്ഛന്റെയും, അമ്മയുടെയും, കുഞ്ഞിന്റെയും മുഖത്തു കണ്ട ആ സന്തോഷം എന്നെ ചിന്തിപ്പിച്ചു. സാമ്പത്തിക രംഗത്തു വളരെ മുന്നേറിയെന്ന് അവകാശപ്പെടുന്ന അമേരിക്കയിൽ കാണാത്ത ഒരു ദൃശ്യം. അവിടെ കുട്ടികളോട് ഇങ്ങനെയൊരു സ്നേഹമോ, അച്ഛനുമമ്മയും തമ്മിൽ ഇങ്ങനെയൊരു കൂട്ടായ്മയോ കാണാൻ കഴിഞ്ഞെന്നു വരികയില്ല. പല ബന്ധങ്ങളും യാന്ത്രികമായി തോന്നുന്ന അവസ്ഥയാണവിടെ."

നമുക്ക് ജീവിക്കുവാൻ കുറച്ചു കാര്യങ്ങൾ മാത്രം മതിയല്ലോ. ചെറിയ മനുഷ്യരുടെ പ്രയാസങ്ങളിൽ പങ്കുചേരുവാൻ നാം പരിശീലിക്കണം. ദരിദ്രന്റെ അവസ്ഥ നാം അറിയണം. അമിത സൗകര്യങ്ങളുടെ ആഡംബരം നാം ഉപേക്ഷിക്കണം. മഴക്കാലത്ത് മഴയെ പേടിച്ച് ജീവിക്കുന്ന നമ്മുടെ സഹോദരങ്ങൾ ഉണ്ടെന്ന വാസ്തവം മറക്കരുത്. നമ്മുടെ കുഞ്ഞുങ്ങൾ സ്കൂളിൽ ഇടവേളയിൽ ചോക്ലേറ്റിനായും മറ്റും ചെലവഴിക്കുന്ന കാശ് ഒരു ദരിദ്ര കുടുംബത്തിന് ഒരു ദിവസത്തെ ആഹാരത്തിനു മതിയാകുമെന്ന് അവരെ പറഞ്ഞ് മനസ്സിലാക്കേണ്ടതുണ്ട്. അവരുടെ മനസിലും, അവരുടെ സമൂഹത്തിലും സാധാരണക്കാർ എന്നൊന്നില്ലല്ലോ. സാധാരണ മനുഷ്യനായി ജീവിക്കുകയെന്നതാണ് 'Be Natural' എന്നു പറഞ്ഞാൽ മനസ്സിലാക്കേണ്ടത്. യേശുക്രിസ്തുവിന്റെ സഹവാസം സാധാരണക്കാരോടുകൂടിയായിരുന്നല്ലോ. "രോഗിക്കേ വൈദ്യനെക്കൊണ്ട് ആവശ്യമുള്ളൂ" എന്നായിരുന്നല്ലോ യേശുക്രിസ്തു പറഞ്ഞിരുന്നത്.

ഈ ക്രിസ്തുമസ്സിന് നമുക്ക് ഒരു വലിയ സന്ദേശം സമൂഹത്തിനു കൊടുക്കാൻ ശ്രമിക്കരുതോ? നാം ആഘോഷങ്ങൾക്കു ചിലവാക്കുവാനുദ്ദേശിക്കുന്ന തുകയുടെ ഒരു? ഭാഗമെങ്കിലും സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്ക് ക്രിസ്തുമസ്സ് ആഘോഷിക്കുവാനുള്ള ഒരു സഹായമായി നൽകുവാൻ ശ്രമിക്കണം. ഇത് നമ്മുടെ സഹോദരങ്ങൾക്കുള്ള നല്ലൊരു ക്രിസ്തുമസ്സ് സന്ദേശമായിരിക്കും, സമ്മാനമായിരിക്കും. യേശുക്രിസ്തുവിന്റെ ജനനം ഇങ്ങനെയുള്ള കാര്യങ്ങൾ നമ്മെ പഠിപ്പിച്ചു തരുവാൻ കൂടിയായിരുന്നല്ലോ. ■

എല്ലാവർക്കും പാരിഷ്ന്യൂസിന്റെ ക്രിസ്തുമസ്സ് ആശംസകൾ

### ഇടയ ലേഖനം

## വെളിച്ചം തേടുന്നവർ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ലോകരക്ഷകന്റെ ജനനതിരുനാൾ സമാഗമമാകുന്നു. ഇരുളിൽ കഴിഞ്ഞുകൂടിയവർക്ക് ക്രിസ്തുമസ്സ് വെളിച്ചമുദിച്ചതിന്റെ ആനന്ദതിരുനാളായിത്തീർന്നു എന്ന് വി. ഗ്രന്ഥം പറയുന്നു. വെളിച്ചം സജീവമാണ് ; ചലനാത്മകവുമാണ്. അത് സംഗീതാത്മകമാണ് ; സാന്ത്വനവുമാണ്. നഭോ മണ്ഡലത്തിൽ ചലിക്കുന്ന വെളിച്ചമായി വിദ്വാന്മാർ അതിനെ കണ്ട് അത്ഭുതം കൂറി. അവർ സത്യാന്വേഷികളായിരുന്നതു കൊണ്ട് വെളിച്ചം തേടി പുറപ്പെട്ടു. ദൈവദൂതന്മാർക്ക് അത് പരിത്രാണത്തിന്റെ പരിമളം പരത്തുന്ന ദൂതായിരുന്നു; ഹൃദയഹാരിയായ സംഗീതവും. ഇരുളിൽ നടന്നിരുന്നവർ വെളിച്ചം കണ്ടതിന്റെ രഹസ്യം അവർ നേർബുദ്ധിയുള്ളവരായിരുന്നു എന്നതാണ്. 'നേരുള്ളവർക്ക് ഇരുളിൽ വെളിച്ചമുദിക്കുന്നു' എന്ന് വേദപുസ്തകത്തിലെ 'ഗീതകം' പറയുന്നു. ഈ തത്വം ഇന്നും എന്നും പ്രസക്തമാണ്. നേർബുദ്ധിയോടെ വെളിച്ചം തേടുന്നവർക്ക് അതന്യമാവില്ല. സഖറിയാ പുരോഹിതനും എലിസബത്തും ഇരുളടഞ്ഞ ഭാവികണ്ടമ്പരന്ന് നിൽക്കുമ്പോഴാണ് 'മംഗളവാർത്ത' എന്ന വെളിച്ചം അവർക്കുദിച്ചത്. സ്വസഹോദരനുമായി രമ്യതയിലായ യാക്കോബിന്റെ യാത്ര ഇരുളിൽ നിന്നു വെളിച്ചത്തിലേക്കാണ്.

ക്രിസ്തുവിനെ അംഗീകരിക്കാൻ വിസമ്മതിച്ച യഹൂദ നേതൃത്വം അക്ഷരാർത്ഥത്തിൽ ഇരുട്ടിൽ തപ്പുകയായിരുന്നു. യേശുവിന്റെ ക്രൂശാരോഹണ വേളയിൽ ദേശത്താകമാനം ഇരുളുണ്ടായത് പ്രതീകാത്മകം കൂടിയായിരുന്നു. അധർമ്മത്തിന്റെയും, അവിശ്വാസത്തിന്റയും അഴിമതിയുടെയും കൂരിരുൾ ആ സമൂഹത്തെ മൂടിയിരുന്നത് നേരിട്ടനുഭവിക്കാൻ സത്യദ്വേഷികൾക്ക് അവസരമുണ്ടായി. യേശുവിനെ തള്ളിപ്പറയുമ്പോൾ, പത്രോസിന്റെ മനസ്സ് ഇരുൾമൂടിയതായിരുന്നു. ഗുരുവിനെ ഒറ്റിക്കൊടുക്കാൻ പദ്ധതിയിട്ട യൂദയുടെ കുടിലഹൃദയത്തിൽ കുറ്റാകുറ്റിരുട്ടായിരുന്നു. ഇരുളിൽ ചരിക്കുന്നവന് വഴിതെറ്റുക സ്വാഭാവികം മാത്രം.

ജീവിതശൈലീരോഗങ്ങൾ (Lifestyle ailments) എന്ന പ്രയോഗം ഇന്ന് ഏറെക്കുറെ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ധനതൃഷ്ണ, ഉദരപൂരണം, ഭൗതികസുഖകാംക്ഷ, പരദ്രോഹാനന്ദം തുടങ്ങിയ തിന്മകൾ മുളയ്ക്കുന്ന ഹൃദയങ്ങളിൽ ഇരുളല്ലാതെ മറ്റെന്താണുള്ളത്? ലഹരി മൂത്തു കഴിഞ്ഞാൽ അമ്മ പെങ്ങന്മാരെപ്പോലും തിരിച്ചറിയില്ല. പീഢനത്തിനു പുതിയ വ്യാഖ്യാനമായി 'Consensual' എന്ന ഭാഷാപ്രയോഗം ഉപയോഗിക്കുന്നതു കാണുന്നുണ്ട്. പക്ഷെ അവിടെ കട്ടപിടിച്ച ഇരുൾ മാത്രം.

ധാർമ്മിക അധ:പതനവും, പരദ്രോഹവും, സ്വാർത്ഥതയും മഹാമേരുപോലെ ഉയർന്നു നിൽക്കുന്ന ഈ തലമുറയിൽ ഒരിറ്റു വെളിച്ചത്തിനും ആശ്വാസത്തിനും കേഴുന്ന മനസ്സുകളുണ്ട്. അർത്ഥഭംഗം കൂടാതെ പറയാം: ഇരുണ്ട ലോകത്തും പ്രകാശിതരും പ്രകാശവാഹകരുമായി ജീവിക്കാൻ കഴിഞ്ഞാൽ അവിടെ ദുശ്ശീലങ്ങളോടു വിട പറയും. വഞ്ചന എന്നത് അസ്തമിക്കും. മതത്തിന്റെ മറവിൽ അക്രമങ്ങളുണ്ടാവില്ല. സ്നേഹവും കാരുണ്യവും പൂത്തുലഞ്ഞു നിൽക്കും. ക്രിസ്തുമസ്സ് വെളിച്ചമെത്തി ഇരുളിനെ ആട്ടിപ്പായിച്ചതിന്റെ തിരുവുത്സവമാണ്. നമ്മുടെ ഹൃദയങ്ങളിലും ഈ വെളിച്ചം വന്നണയട്ടെ. ■



Merry Christmas & Happy new year Merry Christmas & Happy new year

## വികാരിയുടെ കത്ത്

# ഉദിക്കുന്നത് കമ്പോള നക്ഷത്രങ്ങൾ



**ഫാ. പി. ഐ. വർഗ്ഗീസ്**

ക്രിസ്സ്മസ്സിന്റെ സാർവലൗകികത ലോകത്തിലുള്ള മറ്റൊരു ആഘോഷത്തിനും ഇല്ല. ക്രിസ്തുമതം സ്വീകരിച്ച വിവധ രാഷ്ട്രങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ ക്രിസ്തുവിന്റെ ജന്മദിനാഘോഷത്തിന് ഏറെ നിറപ്പകർച്ചയും രൂപഭേദങ്ങളും ഉണ്ടായിട്ടുണ്ട്. നൂറ്റണ്ടുകളിലൂടെ കൂട്ടിച്ചേർക്കപ്പെട്ട ഇത്തരം വ്യതിയാനങ്ങളുടെ ആകെ തുകയാണ് ഇന്നത്തെ ക്രിസ്സ്മസ്സ്. സാന്താക്ലോസ്, ക്രിസ്സ്മസ്സ് സമ്മാനങ്ങൾ, ക്രിസ്സ്മസ്സ് കാർഡുകൾ, ക്രിസ്സ്മസ്സ് ട്രീ ഇവയെല്ലാം ഇപ്രകാരം കന്നെുവന്നിട്ടുള്ളവയാണ്. തീർച്ചയായും ഇവിടെയും ക്രിസ്സ്മസ്സിന് രൂപഭേദങ്ങൾ ഉണ്ടായിക്കാണണം. നമുക്ക് കിട്ടിയ ക്രിസ്സ്മസ്സ് നാം എങ്ങനെ അലങ്കരിച്ച് വർണ്ണപ്പകിട്ടിൽ ആചരിക്കുന്നുവെന്നത് ഭാവിതലമുറയായിരിക്കും തിരിച്ചറിയുക. ഉത്സവം മാത്രമാകുന്ന ഇന്നത്തെ ക്രിസ്സ്മസ്സിനു പകരം ചാപല്യങ്ങളും, ദൗർബല്യങ്ങളും വികൃതമാക്കാത്ത, ഉൽകൃഷ്ടമായ സ്നേഹവും സന്തോഷവും നിറഞ്ഞ ഒരു ക്രിസ്സ്മസ്സായിരിക്കണം നാം ആചരിക്കേണ്ടത്.

ഇന്ന് ക്രിസ്സ്മസ്സ് എത്തിക്കഴിഞ്ഞിരിക്കുന്നുവെന്ന് നമ്മെ ആദ്യം ഓർമ്മിപ്പിക്കുന്നത് വർണ്ണാഭമായ നക്ഷത്ര വിളക്കുകളാണ്. പക്ഷെ അവ പ്രത്യക്ഷപ്പെടുന്നത് തൂക്കപ്പെടാൻ പാടില്ലാത്ത പല വ്യാപാരശാലകളുടെയും മുമ്പിലത്രെ എന്നത് ക്രിസ്സ്മസ്സിന്റെ അന്തരാത്മാവിനെ കെടുത്തിക്കളയുന്നതാണ്. ഉദിക്കുന്നത് കമ്പോള നക്ഷത്രങ്ങളാണ് എന്ന യാഥാർത്ഥ്യം ഗൗരവപൂർവ്വം വിചിന്തനം ചെയ്യുക. ക്രിസ്സ്മസ്സ് കാലയളവ് കച്ചവടത്തിനും, കൂടുതൽ ലാഭമുണ്ടാക്കുന്നതിനുമുള്ള ഒരു സീസണായി പരിണമിച്ചിരിക്കുന്നു. ഇതിനിടയിൽ കാലിത്തൊഴുത്തിനും നിഷ്കളങ്കനായ ശിശുവിനും എന്തു പ്രസക്തി.

സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷം അറിയിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവസ്നേഹമുള്ളവർക്ക് സമാധാനം എന്നതാണ് തിരുപിറവിയുടെ ദൂത്. ദൈവം മനുഷ്യരുടെ ഇടയിൽ പിറന്നിരിക്കുന്നു. ഇനിയും മനുഷ്യർ ഭയപ്പെടേണ്ട. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? ലോകം തന്നെ ഭയപ്പാടിന്റേതാണ്. വായു മനുഷ്യനെ നശിപ്പിക്കുവാനുള്ളതായി മാറിക്കഴിഞ്ഞിരിക്കുന്നു. വെള്ളം വിഷമായി മാറുന്നു. അയൽവാസി ശത്രുവാകുന്നു. ഭവനം കൊലക്കളമായിതീരുന്നു. മാതാപിതാക്കളും മക്കളും പരസ്പരം കലഹിക്കുന്നു. ചൂഷണം ചെയ്യുന്നു. മനുഷ്യന് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നില്ല.അ വൻഭ യപ്പെടുകയാണ്.ഭ യപ്പെടരുത്എ ന്ന ക്രിസ്സ്മസ്സ് ദൂത് നേരെ വിപരീത ദിശയിലേക്ക് സഞ്ചരിക്കുന്നു. ചരിത്രത്തിലേക്കുള്ള ദൈവത്തിന്റെ പ്രവേശനമാണ് ക്രിസ്സ്മസ്സ്. ചരിത്രം പൂർണ്ണമായി മനുഷ്യനെ ഏൽപിച്ചിട്ടില്ല. ദൈവം ചരിത്രത്തെ രൂപാന്തരപ്പെടുത്തി. മനുഷ്യന്റെ സമാധാനത്തിലൂടെയാണ് ദൈവത്തിന് മഹത്വമുണ്ടാകുന്നത്. മനുഷ്യനിൽ നിന്ന് അന്യമായ മഹത്വം ദൈവത്തിനില്ല. സമൂഹത്തിന്റെ അംശം തന്നെയാണ് ദൈവം. ആയതിനാൽ പരസ്പരം നാം സ്നേഹിച്ചു ജീവിക്കണം.

ഈ ആശയങ്ങളൊക്കെ ക്രിസ്സ്മസ്സിന്റെ തിരക്കിലും കമ്പോളവൽക്കരണത്തിലുമെല്ലാം വിസ്മരിക്കപ്പെടുന്നു. ദൈവം സമൂഹത്തിന്റെ കേന്ദ്രത്തിലില്ല. പകരം അതിർവരമ്പിലാണ്. ആഡംബരത്തിനും, പണത്തിനും ക്രിസ്സ്മസ്സുമായി എന്താണ് ബന്ധമുള്ളത്. ക്രിസ്സ്മസ്സ് ഒരു ദിവസത്തെ ആഘോഷമോ, അനുഷ്ഠാനമോ അല്ല. മറിച്ച് നല്ല കാര്യങ്ങൾക്ക് തുടക്കം കുറിക്കാനുള്ള ദിവസമാണ്. ■

## OCYM News



**ആർദ്രത റിലീഫ് സെന്റർ** അർഹരായ രോഗികൾക്ക് ഡയാലിസിസിനുള്ള സഹായം ഫാ.ജോബ് ഡേവിസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൂപ്രണ്ടിനെ ഏൽപ്പിക്കുന്നു. ഹോസ്പിറ്റൽ ഡയറക്ടർ ഡോ. ജുനേദ് റഹ്മാൻ, O C Y M കമ്മറ്റിയംഗങ്ങൾ എന്നിവർ സമീപം.



**ആർദ്രത റിലീഫ് സെന്ററിന്റെ** ആഭിമുഖ്യത്തിൽ നവംബർ മാസത്തെ ഡയാലിസിസിനുള്ള ധനസഹായം ശ്രീ. കെ. കെ. ജോർജ്ജ് ജനറൽ ഹോസ്പിറ്റലിൽ ഡോ. ലിയയെ ഏൽപ്പിക്കുന്നു. ശ്രീ. സാബു ചെറിയാൻ, ശ്രീ. സാം വർഗ്ഗീസ്, ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ആനി എന്നിവർ സമീപം

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

പാലാരിവട്ടം പടിഞ്ഞാറേ തലയ്ക്കൽ ശ്രീ. ചെറിയാൻ ഈപ്പന്റെയും ശ്രീമതി. സ്മിത ആനി സാമുവലിന്റെയും മകൻ Josiah Zachariah Eapen 30-11-13 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

### വിശേഷ ദിവസങ്ങൾ

**ഡിസംബർ**

15 ഞായർ — യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച.

21 ശനി — മാർത്തോമാശ്ലീഹായുടെ രക്തസാക്ഷി മരണത്തിന്റെ ഓർമ്മ.

25 ബുധൻ — യൽദോ (ജനനപ്പെരുന്നാൾ)

26 വ്യാഴം — വി. ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ. യാക്കോബ് മാർ പോളികാർപ്പോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി).

**2014 ജനുവരി**

1 ബുധൻ — പുതുവത്സരം, കർത്താവിന്റെ ചേലാ കർമ്മം.

3 വെള്ളി — പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് ബാവായുടെ ഓർമ്മ (ദേവലോകം).

**വി. കുർബ്ബാനസമയം** **എളംകുളം ചാപ്പൽ :**

Dec.15 - 7.00 a.m., Dec. 22 - 10.30 a.m., Dec. 29 - 7.00 a .m., Jan.05 - 10.30a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :** Dec. 22- 7.30 a.m., Jan.05 - 7.30 a.m.

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

### നിര്യാതനായി



വടുതല Lake View പൂവത്തൂർ മാമ്പഴക്കാട്ടിൽ ശ്രീ. **പി. സി. ചാക്കോ** (88) 02–12–2013 ൽ നിര്യാതനായി. 04–12–2013 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാജ്ഞലികൾ*





### വിവാഹം



പച്ചാളം പുലിക്കോട്ടിൽ ശ്രീ. പി. കെ. ഒ. ജോയ്സണിന്റെയും ശ്രീമതി മേരി ജോയ്സണിന്റെയും മകൻ **Jith -** ഉം സുൽത്താൻ ബത്തേരി നൂറനാൽ ശ്രീ. മാത്യു നൂറനാലിന്റെയും ശ്രീമതി ഷീജാ മാത്യുവിന്റെയും മകൾ **Lilya-** യും തമ്മിലുള്ള വിവാഹം 10–11–2013 ൽ നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.



എളമക്കര കുര്യൻ പറമ്പിൽ ശ്രീ. എം. വി. പൗലൂസിന്റെയും ശ്രീമതി അന്നാമ്മപ ൗലൂസിന്റെയുംമ കൻ **റജീദ് വർഗ്ഗീസുംപ** ുതുപ്പള്ളി എറികാട് തോപ്പിൽ ശ്രീ. പി. ജേക്കബിന്റെയും ശ്രീമതി ജെസ്സി കുര്യന്റെയും മകൾ **സൂസൻ ജേക്കബും** തമ്മിലുള്ള വിവാഹം 23–11–2013 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം സൗത്ത് Railway Quarters No. 117/c യിൽ ശ്രീ. പ്രകാശ് മാത്യുവിന്റെയും ശ്രീമതി എലിസബത്ത് മാത്യുവിന്റെയും മകൻ **സന്തോഷും** അയ്യപ്പൻകാവ് ഈസ്റ്റ് മാളിയേക്കൽ ശ്രീ. എം. ജെ. ജോസഫിന്റെയും ശ്രീമതി ലില്ലി ജോസഫിന്റെയും മകൾ **രമ്യയും** തമ്മിലുള്ള വിവാഹം 25–11–2013 ൽ കത്തീഡ്രലിൽ നടന്നു.

കല്ലൂർ കിഴക്കേക്കര ശ്രീ. കെ. കെ. ജോസഫിന്റെയും ശ്രീമതി ശോശാമ്മ ജോസഫിന്റെയും മകൻ **ജോൺസണും** ഈ ഇടവകാംഗംമായ പാലാ വാണിപ്പാറ **മറിയവും** തമ്മിൽ 17–11– 2013 ൽ കത്തീഡ്രലിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### ഇടവകാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എഴുതുവാൻ കഴിവുള്ള ധാരാളം പേർ നമ്മുടെ ഇടവകയിലുണ്ട്. ദൈവം ഈ കഴിവുകൾ നൽകിയിരി ന്നത് മറ്റുള്ളവർക്ക് പ്രയോജനരകരമായി തീരുവാനും കൂടിയാണ്. നിങ്ങളുടെ ലേഖനങ്ങൾ, കവിതകൾ, സംഘടനാ വിശേഷങ്ങൾ, ഫോട്ടോകൾ, പരസ്യങ്ങൾ എന്നിവ പാരിഷ് ന്യൂസിലേയ്ക്ക് എത്തിച്ചു തരണമെന്ന് താൽപര്യപ്പെടുന്നു.

## സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരവിജയികൾ



ഫേബ റീന ജോർജ്ജ്



സിറിൽ ഫിലിപ്പ് ചാക്കോ



എമി തെരെസ എഡ്വിൻ



ഏബൽ വർഗ്ഗീസ് ഷിബു



അലൻ തോമസ് ജേക്കബ്

**Diocean Level**

Verses Writing - (*Junior*) 1st - Alan Thomas Jacob,
2nd - Abel Varghese Shibu
Verses Writing - (*Senior*) 3rd - Cyril Philip Chacko
Group Song - (*Senior*) 1st - Cyril Philip Chacko, Phobea Reena Goerge, Emy Tersa Edwin
Single Song - (*Senior*) 1st - Phobea Reena Goerge

**Zonal Level**

Verses Writing - (*Junior*) 1st - Abel Varghese Shibu
Single Song - (*Senior*) 2nd - Phobea Reena Goerge
Group Song - (*Senior*) 1st - Cyril Philip Chacko, Phobea Reena Goerge, Emy Tersa Edwin

ജില്ലാതല മത്സരത്തിനും ഭദ്രാസനതല മത്സരത്തിനും സെന്റ് മേരീസ് കത്തീഡ്രൽ സണ്ടേസ്കൂൾ റോളിങ് ട്രോഫി കരസ്ഥമാക്കി.

പങ്കെടുത്ത എല്ലാവർക്കും സൺഡേസ്കൂൾ ടീച്ചേഴ്സിനും പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ

### സ്തുതി ഗീതം

Mrs. Saiju Susan John
Mookencheril

പാടും.. ഞാനൊരു സങ്കീർത്തനം
പ്രപഞ്ചത്തിൻ സൃഷ്ടാവിനായ്
ദിവ്യനാമത്തിന് സ്തുതി പാടും
ഇന്നും എന്നും എന്നെന്നേക്കും.
കർത്തൻ സ്വർലോകം വിട്ടിറങ്ങി ദൂതർ സഹവാസവും
പാപിയായെന്നെ വീണ്ടെടുത്തീടാൻ.

ആമോദമായ് നമുക്കു പാടാം
ഹാലേലുയ്യ് ഹാലേലുയ്യാ
ഒരു നൽസങ്കീർത്തനം പാടാം
ഹാലേലുയ്യ് ഹാലേലുയ്യാ
സ്നേഹത്തിൻ ദൂതനാം ശ്രീയേശു നാഥനൊരു
സ്തോത്രസങ്കീർത്തനം പാടാം.

പാടും ഞാനിന്നൊരു സങ്കീർത്തനം
പരമോന്നതനേശുവിനായ്
അവൻ വീരനാം ദൈവം, അത്ഭുത മന്ത്രി
ദൈവത്തിനേക ജാതൻ,
നാഥൻ സ്വർലോകം വിട്ടിറങ്ങി ദൂതർ സഹവാസവും
പാപിയെന്നെ വീണ്ടെടുത്തീടാൻ.
ആമോദമായ് ..........

പാടാം നമുക്കൊരു സങ്കീർത്തനം
മഹത്വത്തിൻ രാജാവിനായ്
അവനല്ലൊ നല്ലിടയൻ വഴിയും സത്യവും
ജീവനും സ്നേഹവുമേ
പരൻ സ്വർലോകം വിട്ടിറങ്ങി ദൂതർ സഹവാസവും
പാപികളെ വീണ്ടെടുത്തീടാൻ.
ആമോദമായ്...........